"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - തൂവാട്ട് പൊയിൽ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് കൺവീനർ ശ്രീ.നാണുവിന്റെ പേരിലുള്ള ബാദ്ധ്യതകൾ ഒഴിവാക്കി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾ പിൻവലിക്കുന്നതിന് കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.401/2026/LSGD തീയതി,തിരുവനന്തപുരം, 16-02-2026

---

പരാമർശം:-

1. ശ്രീ. എം നാണു ബഹു. കുറ്റ്യാടി എം എൽ എ മുഖേന ബഹു.മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച 30.11.2024 തീയതിയിലെ നിവേദനം (ഡോക്കറ്റ് നമ്പർ - G3241200394)
2. കുന്നുമ്മേൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 18.06.2024 ലെ തീരുമാനം നമ്പർ 6
3. സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ് കൺവീനറുടെ 24.06.2025 ലെ 454/എസ്ആർജി /2025 നമ്പർ കത്ത്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20.01.2026 ലെ LSGD/PD/5484/2025-EER4 നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ കന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപപദ്ധതി പ്രകാരം ഏറ്റെടുത്ത തൂവാട്ട് പൊയിൽ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ 123/98) നിർവ്വഹണത്തിനായി ഗുണഭോക്തൃ കമ്മിറ്റി രൂപീകരിക്കുകയും ശ്രീ. നാണു, S/o മാധവൻ, തൂവ്വാട്ടപൊയ്യിൽ, മൊയിലോത്തറ.പി.ഒ, കാവിലുംപാറ എന്നയാളെ കൺവീനറായി തെരഞ്ഞെടുക്കുകയും, ടിയാൻ കന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തുമായി കരാർ വച്ച് 50,000 രൂപ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റുകയും ചെയ്തിരുന്നു. കുടിവെള്ള സ്രോതസ്സായി കണ്ടെത്തിയ സ്ഥലത്ത് ജലലഭ്യത കുറവായതിനാൽ ഗുണഭോക്തൃ സമിതിയുടെ തീരുമാനപ്രകാരം അഡ്വാൻസ് തുകയിൽ നിന്നും 20,000/- രൂപ ചെലവഴിച്ച് മറ്റൊരു സ്ഥലം വാങ്ങുകയുണ്ടായി. ബാക്കി തുക ഉപയോഗിച്ച് അവിടെ ജലസ്രോതസിന്റെ അടിഭാഗം കല്ലുകെട്ടി സംരക്ഷണ പ്രവൃത്തി നടത്തുകയും ചെയ്തിരുന്നു. തുടർന്ന് എസ്റ്റിമേറ്റ് ഭേദഗതി ആവശ്യപ്പെട്ടുവെങ്കിലും പ്രസ്തുത തുക എസ്റ്റിമേറ്റ് ചെയ്തിരുന്ന

കാര്യത്തിനുപരിയായി വിനിയോഗിച്ചതിനാൽ (പ്രോജക്ടിൽ വിഭാവനം ചെയ്തതനുസരിച്ച് ലഭ്യമായ സ്ഥലത്ത് കിണർ/കുളം നിർമ്മിക്കുന്നതിനും പൈപ്പ് വാങ്ങൽ, ടാങ്ക് നിർമ്മാണം തുടങ്ങിയ സിവിൽ പ്രവൃത്തികളുമാണ് ചെയ്യേണ്ടിയിരുന്നത്) ബ്ലോക്ക് പഞ്ചായത്ത് ആയത് അനുവദിച്ചിരുന്നില്ല. ആയതിനാൽ പദ്ധതി നടപ്പാക്കാൻ സാധിക്കാതെ വന്നു. തുടർന്ന് 2000-2001 വർഷത്തെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറിന്റെ ഓഡിറ്റ് റിപ്പോർട്ട് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ കൺവീനർക്ക് നൽകിയ തുക 18 % പലിശ സഹിതം ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ബ്ലോക്ക് പഞ്ചായത്ത് ആരംഭിച്ചിരുന്നു. തന്റെ പേരിൽ ആരംഭിച്ച റവന്യൂ റിക്കവറി നടപടികൾ നിർത്തിവെക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാണു സിഎംഒ പോർട്ടൽ മുഖേന പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സ്ഥലം വിലയ്ക്ക് വാങ്ങിയത് ഉൾപ്പെടെ ആകെ 50,000 രൂപയുടെ പ്രവൃത്തി നിർവഹിച്ചിട്ടുള്ളതായി കന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന് ഉത്തമ ബോധ്യമുണ്ടെങ്കിൽ, റവന്യൂ റിക്കവറി നടപടികൾ തുടരേണ്ടതില്ലെന്ന് ബ്ലോക്ക് പഞ്ചായത്തിന് തീരുമാനമെടുക്കാവുന്നതും റവന്യൂ റിക്കവറി നടപടികൾ തുടരേണ്ടതില്ലെന്ന വിവരം ബ്ലോക്ക് പഞ്ചായത്തിന് റവന്യൂ വകുപ്പിനെ അറിയിക്കാവുന്നതുമാണെന്ന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. ശ്രീ. നാണുവിനെതിരെ സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ നിർത്തി വെയ്ക്കുന്നതുമായി ബന്ധപ്പെട്ട വിഷയം വിശദമായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് മൂന്നംഗങ്ങളെ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് ഒരു സബ് കമ്മിറ്റി രൂപീകരിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ മേൽ സബ് കമ്മിറ്റി വിഷയം റിപ്പോർട്ട് സമർപ്പിച്ചിതായും പ്രസ്തുത റിപ്പോർട്ടിൽ, എസ്റ്റിമേറ്റിൽ അനുവദനീയമല്ലാതെ 20,000/-രൂപ ചെലവഴിച്ച് സ്ഥലം വാങ്ങി എന്നതൊഴിച്ചാൽ മറ്റ് യാതൊരു വീഴ്ചകളും കൺവീനറുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല എന്നും തികച്ചും മാതൃകാപരമായും, നിരവധി കുടുംബങ്ങൾക്ക് നിലവിൽ കുടിവെള്ളം ലഭ്യമാകുന്ന രീതിയിലുമാണ് പദ്ധതി നിലവിലുള്ളതെന്നും, കൺവീനർ കൈപ്പറ്റിയ 50,000/- രൂപയിൽ കൂടുതൽ മൂല്യത്തിനുള്ള പ്രവർത്തി കൺവീനർ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടതായും കൺവീനറുടെയോ കമ്മിറ്റിയുടെയോ ഭാഗത്ത് നിന്നും യാതൊരു വിധ സാമ്പത്തിക ക്രമക്കേടുകളും നടന്നിട്ടില്ല എന്നും, പഞ്ചായത്തിനോ സർക്കാറിനോ ഇതു മൂലം യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്നും മേൽ വസ്തുതകൾ പരിഗണിച്ച് ടിയാന്റെ പേരിലുള്ള ബാദ്ധ്യതകൾ ഒഴിവാക്കി നൽകുന്നതിന് കമ്മിറ്റി ശുപാർശ ചെയ്തതായും, മേൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന്റെ പേരിലുള്ള ബാദ്ധ്യതകൾ ഒഴിവാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി പരാമർശം (2) പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട് എന്ന് ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ മേൽ വസ്തുതകളെല്ലാം കണക്കിലെടുത്ത് ഓഡിറ്റ് വകുപ്പ് മേൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയതായും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തൂവാട്ട് പൊയിൽ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ട് കൺവീനർ ശ്രീ നാണുവിന്റെ പേരിലുള്ള ബാദ്ധ്യതകൾ ഒഴിവാക്കി (50000 രൂപയും 18% പലിശയും സഹിതം) ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾ പിൻവലിക്കുന്നതിന് കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത്,കോഴിക്കോട്
ശ്രീ നാണു, S/o മാധവൻ, തൂവ്വാട്ടപൊയ്യിൽ, മൊയിലോത്തറ.പി.ഒ, കാവിലുംപാറ, കോഴിക്കോട് 673513
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
Date: 17-02-2026 10:30:46

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്